# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2639 19.12.2012 - ൽ മറുപടിക്ക്

## ജലശുദ്ധീകരണത്തിന് പുതിയ പ്ലാന്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ.അസീസ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കുടിവെള്ള പദ്ധതി കളാണുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(എ) സംസ്ഥാനത്ത് നിലവിലുള്ള ഗ്രാമീണശുദ്ധ ജലവിതരണപദ്ധതികൾ ഉൾപ്പെടെയുള്ള കുടിവെള്ള പദ്ധതികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| നം. | ജില്ല | എണ്ണം |
|---|---|---|
| 1. | കോഴിക്കോട് | 99 |
| 2. | വയനാട് | 36 |
| 3. | മലപ്പുറം | 49 |
| 4. | കണ്ണൂർ | 138 |
| 5. | കാസർഗോഡ് | 93 |
| 6. | പാലക്കാട് | 57 |
| 7. | എറണാകുളം | 119 |
| 8. | തൃശ്ശൂർ | 126 |
| 9. | കോട്ടയം | 114 |
| 10. | ഇടുക്കി | 103 |
| 11. | തിരുവനന്തപുരം | 143 |
| 12. | കൊല്ലം | 67 |
| 13. | ആലപ്പുഴ | 131 |
| 14. | പത്തനംതിട്ട | 68 |

ഇതു കൂടാതെ ജിക്കയുടെ ധനസഹായ ത്തോടെ നടപ്പിലാക്കി വരുന്ന 5 ശുദ്ധജല വിതരണ പദ്ധതികളും വിവിധഘട്ടങ്ങളിലായി നടന്നു വരുന്നു. പദ്ധതികൾ ജില്ല തിരിച്ച്

| നം. | ജില്ല | ജില്ല തിരിച്ചുള്ള എണ്ണം | |
|---|---|---|---|
| 1. | തിരുവനന്തപുരം | തിരുവനന്തപുരം | 1 |
| 2. | കൊല്ലം | മീനാട് | 1 |
| 3. | ആലപ്പുഴ | ചേർത്തല | 1 |
| 4. | കോഴിക്കോട് | കോഴിക്കോട് | 1 |
| 5. | കണ്ണൂർ | പട്ടുവം | 1 |

(ബി) ഈ പദ്ധതികളിൽ ജല ശുദ്ധീകരണം എപ്രകാര മാണ് നടത്തുന്നത്;

(ബി) ജല അതോറിറ്റിയുടെ കീഴിൽ വിതരണം ചെയ്യുന്ന ജലം ശുദ്ധീകരണത്തിനായി വൻകിട ജലശുദ്ധീകരണശാലകളിൽ എയിയേഷൻ, ക്ലാരിഫ്ളോക്കുലേഷൻ, ഫിൽട്ടറേഷൻ, ഡിസ്-ഇൻഫെക്ഷൻ എന്നീ പ്രക്രിയകൾ നടപ്പിലാക്കി യിട്ടുണ്ട്. ചെറുകിട ഗ്രാമീണ ശുദ്ധജല പദ്ധതി

കളിൽ ഇൻഫിൽട്ടറേഷൻ ഗ്യാലറി എന്ന സംവിധാനത്തിലൂടെ ശുദ്ധകരിച്ച ജലം ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് അണുവിമുക്ത മാക്കിയാണ് വിതരണം ചെയ്യുന്നത്.

ഇതുകൂടാതെ ജൈക്ക സഹായത്തോടെ യുള്ള പദ്ധതികളിൽ ജലം ശുദ്ധീകരിക്കുന്നത് സ്ലഡ്ജ്, ബ്ലാങ്കറ്റ്, ക്ലാരിഫയർ/ലാമെല്ല ക്ലാരിഫയർ പ്ലാന്റ്, ഫിൽറ്ററേഷൻ പ്ലാന്റ്, ഡിസ് ഇൻഫെക്ഷൻ പ്ലാന്റ് എന്നീ പ്രക്രിയകളിലൂടെ യാണ് ജലം ശുദ്ധീകരിക്കുന്നത്.

| | | | |
|---|---|---|---|
| (സി) | എത്ര പദ്ധതികളിൽ ജല ശുദ്ധീകരണ പ്ലാന്റുകൾ പ്രവർത്തിക്കുന്നു; | (സി) | ജലഅതോറിറ്റിയുടെ കീഴിൽ നിലവിൽ 175 ജലശുദ്ധീകരണശാലകൾ പ്രവർത്തിച്ചു വരുന്നു.<br>ഇതു കൂടാതെ ജൈക്ക സഹായത്തോടെ യുള്ള 5 ശുദ്ധജലവിതരണ പദ്ധതികളിൽ, 4 പദ്ധതികളിൽ ജലശുദ്ധീകരണശാലകൾ ഇപ്പോൾ പ്രവർത്തനക്ഷമമായി. കോഴിക്കോട് ശുദ്ധീകരണ ശാലയുടെ പണികൾ അന്തിമ ഘട്ടം നടന്നുവരുന്നു. |
| (ഡി) | എല്ലാ കുടിവെള്ള പദ്ധതിക ളിലും ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന തിനുള്ള നടപടികൾ സ്വീക രിക്കുമോ? | (ഡി) | ആവശ്യമായ സ്ഥലവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ കുടിവെള്ളപദ്ധതികളിലും ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ